# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2086 — 01.02.2018 - ൽ മറുപടിക്ക്

**ജെ.പി.എച്ച്.എൻ.തസ്തികയിലെ സ്ഥാനക്കയറ്റം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനൂപ് ജേക്കബ്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | ആരോഗ്യ വകുപ്പിലെ ജെ.പി.എച്ച്.എൻ. ഗ്രേഡ് I തസ്തികയിലേയ്ക്ക് ജില്ലാ സീനിയോറിറ്റി അനുസരിച്ചാണോ സംസ്ഥാന സീനിയോറിറ്റി അനുസരിച്ചാണോ സ്ഥാനക്കയറ്റം നൽകുന്നതെന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാന സീനിയോറിറ്റി അനുസരിച്ചാണ് സ്ഥാനക്കയറ്റം നൽകുന്നത്. |
| ബി) | പ്രസ്തുത സ്ഥാനക്കയറ്റം സംസ്ഥാന സീനിയോറിറ്റി അനുസരിച്ചാണെങ്കിൽ ഓരോ ജില്ലയിലും ഉണ്ടാകുന്ന ജെ.പി.എച്ച്.എൻ. ഗ്രേഡ് II ഒഴിവുകളിൽ അതാത് ജില്ലയിൽ ഉള്ളവർക്ക് നിയമനം ലഭിക്കുന്നതിന് തടസ്സമാകുമോ എന്നറിയിക്കുമോ; | ബി) | ഗ്രേഡ് II തസ്തികയിൽ ഒഴിവ് ഉണ്ടെങ്കിൽ ആ ജില്ലയിൽ തന്നെ നിയമനം നൽകുന്നതാണ്. |
| സി) | രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ശരിയായ ഏകോപനത്തിനായി ആർദ്രം പദ്ധതിയിൽ ആരോഗ്യ വകുപ്പിലെ മറ്റ് വിഭാഗങ്ങളെ ഉൾപ്പെടുത്തിയതുപോലെ ജെ.പി.എച്ച്.എൻ.മാരെയും ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിയ്ക്കുമോ; | സി) & ഡി) | ആർദ്രം പദ്ധതിയിൽ ഫീൽഡ് വിഭാഗം ജീവനക്കാരായ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ ഉൾപ്പെടുത്തിയിട്ടില്ല. |
| ഡി) | പദ്ധതിയുടെ കീഴിൽ സൃഷ്ടിക്കപ്പെട്ട സ്റ്റാഫ് നഴ്സ് തസ്തികകൾക്ക് ആനുപാതികമായി ജെ.പി.എച്ച്.എൻ. തസ്തികകളും സൃഷ്ടിക്കുമോ എന്ന് വ്യക്തമാക്കാമോ? | | |

Milan

സെക്ഷൻ ഓഫീസർ